സുൽത്താൻ ബത്തേരിയിലെ കിണർ നിർമ്മാണം

126 (2183)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരിയിലെ നെൻമേനി പഞ്ചായത്തിൽ അംപുകുത്തി ഗോവിന്ദമൂല എന്ന സ്ഥലത്ത് കിണർ നിർമ്മിക്കാൻ ഗ്രാമസഭ പാസ്സാക്കി അജണ്ടയിൽ ഉൾപ്പെടുത്തിയ പദ്ധതി നടപ്പാക്കാതെ അത് ചീങ്ങമൂലയിൽ നിർമ്മിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർദ്ധനരായ നിരവധി വീട്ടുകാർ താമസിക്കുന്ന ഗോവിന്ദമൂലയിൽ കിണർ നിർമ്മിക്കാൻ ഗ്രാമസഭ എടുത്ത തീരുമാനം മറികടന്ന സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നെൻമേനി ഗ്രാമപഞ്ചായത്തിൽ ഗോവിന്ദമൂല എന്ന സ്ഥലത്ത് കിണർ കുഴിക്കുന്നതിന് 1998-99 ലെ പ്രോജക്ട് റിപ്പോർട്ടിൽ 84-ാം നമ്പരായി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 19.8.98 ന് ചേർന്ന ഗ്രാമസഭാ യോഗത്തിൽ കൂടിവെള്ള വിഷയ ഗ്രൂപ്പിൽ ഗോവിന്ദമൂല എന്ന സ്ഥലത്ത് കിണർ കുഴിക്കുന്നതിന് തീരുമാനിച്ചതായി കാണുന്നില്ല.

(ബി) ഗ്രാമസഭ ഇക്കാര്യത്തിൽ തീരുമാനം ഒന്നും എടുത്തിട്ടുള്ളതായി കാണുന്നില്ല .

നീലേശ്വരം പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കാൻ നടപടി

127 (2184)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും പഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നീലേശ്വരം പഞ്ചായത്തിനെകൂടി മുനിസിപ്പാലിറ്റിയായി ഉയർത്തുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്ത് സ്കൂളുകൾ

128 (2185)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ എത്ര പഞ്ചായത്ത് സ്കൂളുകൾ പ്രവർത്തിക്കുന്നു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ സ്കൂളുകളിലേക്കുള്ള നിയമനം ഇപ്പോൾ ആരാണ് നടത്തുന്നത് എന്ന് അറിയിക്കുമോ; നിയമനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പഞ്ചായത്ത് സ്കൂളുകളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ചടയമംഗലം മണ്ഡലത്തിൽ കടയ്ക്കൽ പഞ്ചായത്തിലെ മുക്കുന്നം സ്കൂളിൽ ആവശ്യത്തിന് അദ്ധ്യാപകരുണ്ടോ; ഈ സ്കൂളിൽ അടുത്ത വർഷങ്ങളിൽ നിയമനം നടന്നിട്ടുണ്ടെങ്കിൽ അതിനവലംബിച്ച രീതി എന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആകെ 117 സ്കൂളുകൾ ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്നു.

തിരുവനന്തപുരം	-	14
കൊല്ലം	-	20
പത്തനംതിട്ട	-	2
ആലപ്പുഴ	-	13
കോട്ടയം	-	5
ഇടുക്കി	-	18
എറണാകുളം	-	8
തൃശ്ശൂർ	-	13
പാലക്കാട്	-	5
മലപ്പുറം	-	4
കോഴിക്കോട്	-	3
വയനാട്	-	4
കണ്ണൂർ	-	5
കാസർഗോഡ്	-	3
ആകെ	-	117

(ബി) പഞ്ചായത്ത് സ്കൂളുകളിലെ മാനേജർ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയാണ്. ആ നിലയ്ക്ക് പഞ്ചായത്താണ് പഞ്ചായത്ത് സ്കൂളുകളിലെ നിയമനം നടത്തിവരുന്നത്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും അടങ്ങുന്ന ഒരു സമിതിയാണ് സ്കൂളുകളിലെ ഉദ്യോഗസ്ഥ തിരഞ്ഞെടുപ്പ് ഇപ്പോൾ നടത്തുന്നത്.

(സി) പഞ്ചായത്ത് സ്കൂളുകളിലെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതുവരെ അതാത് ജില്ലകളിലെ ഡെപ്യൂട്ടി ഡയറക്ടറും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും ഉൾപ്പെടുന്ന സെലക്ഷൻ ബോർഡ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിൽ നിന്നും ഇന്റർവ്യൂ നടത്തി താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നു.

(ഡി) ഉണ്ട്. മുക്കുന്നം - മങ്കോട് പഞ്ചായത്ത് സ്കൂളിലെ 1998-99 അദ്ധ്യയന വർഷം ഒഴിവുള്ള തസ്തികകളിൽ അദ്ധ്യാപകരെ യഥാസമയം നിയമനം നടത്തി ലഭിക്കാത്തതിനാൽ പഞ്ചായത്ത് നേരിട്ട് നിയമനം നടത്തുന്നതിന് അനുമതിക്കായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് വരുത്തി നിയമനം നടത്തിയിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ 2166-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[9.30 AM] മി. സ്പീക്കർ : ഓർഡർ, ഓർഡർ, ശ്രീ. പാലോട് രവി തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. അടിയന്തിര പ്രമേയം എന്ന നിലയിൽ അതിന് പ്രസക്തി ഉള്ളതായി ചെയർ കാണുന്നില്ല. എന്നാലും പ്രധാന പ്രശ്നമായിട്ട് അത് ഇവിടെ ഉന്നയിക്കാവുന്നതാണ്. തീർച്ചയായിട്ടും ചർച്ചചെയ്യാം.

അടുത്തത് ശ്രദ്ധക്ഷണിക്കൽ, ശ്രീ. കെ.സി. വേണുഗോപാൽ.

II. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ തീരപ്രദേശം കടൽഭിത്തി നിർമ്മിച്ച് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.സി. വേണുഗോപാൽ : സർ, കേരളത്തിലെ തീരപ്രദേശങ്ങളിലുള്ള മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, തീരപ്രദേശത്തു താമസിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം പൊതുവേയും അത്യന്തം ഗുരുതരവുമായ ഒരു വിഷയം പല പ്രാവശ്യമായി ഈ സഭയിൽ കടന്നുവന്നിട്ടുള്ളതാണ്. അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ഈ സംഭവത്തിന്റെ ഗൗരവാവസ്ഥ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നിരവധി പ്രാവശ്യം ഈ പ്രശ്നം സഭയിൽ ഉന്നയിച്ചതാണ്. 560 കിലോമീറ്റർ ദൂരമാണ് നമ്മുടെ തീരപ്രദേശത്തെ കടൽത്തീരം സ്ഥിതിചെയ്യുന്നത്. ഇതിൽ 448 കിലോമീറ്ററും കടലാക്രമണ ഭീഷണിയുള്ളതാണ്. നമ്മളെ സംബന്ധിച്ച് കടലാക്രമണം എല്ലാ വർഷവും തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുകയും തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീടുകൾ മുഴുവനും കടലാക്രമണത്തിൽ ഒഴുകിപ്പോകുന്ന, കടപുഴകി എറിയപ്പെടുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുകയാണ്. കഴിഞ്ഞ ദിവസം റവന്യൂ വകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തപ്പോൾ ഇത് സൂചിപ്പിച്ചതാണ്. നിരവധി കുടുംബങ്ങൾ വീട് നഷ്ടപ്പെട്ട് കടലാക്രമണ ഭീഷണിയെത്തുടർന്ന് വഴിയാധാരമായി കിടക്കുന്ന സാഹചര്യം നമ്മുടെ നാട്ടിൽ ഇന്നുണ്ട്. അവരെ പുനരധിവസിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല എന്നുമാത്രമല്ല, ഓരോ ദിവസം കഴിയുംതോറും ഈ ഭീഷണി കൂടിക്കൂടി വന്ന് കൂടുതൽ ആളുകൾ വീടു നഷ്ടപ്പെട്ടവരായി തീരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. കടലിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശത്ത് അവർക്ക് വേറെ എവിടെയെങ്കിലും പോയി താമസിക്കാൻ കഴിയില്ല. കടലുമായി ബന്ധപ്പെട്ട് ഉപജീവനമാർഗ്ഗം സ്വീകരിക്കുന്ന ഇവരെ സംബന്ധിച്ചിടത്തോളം അവരെ പുനരധിവസിപ്പിക്കേണ്ടത് അടിയന്തിരാവശ്യമുള്ള കാര്യമാണ്. പക്ഷേ അവർ അവിടെ താമസിക്കുന്നതിനുപോലും ഭീഷണി നേരിടുന്ന രീതിയിൽ ഏറെ പ്രശ്നങ്ങൾ ഈ രംഗത്തുണ്ട്. മന്ത്രി ഇത് ശ്രദ്ധിക്കണം. കടലാക്രമണ ഭീഷണി അത്യന്തം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഇതിനെ നേരിടുന്നതിന് വേണ്ടിയുള്ള നമ്മുടെ സർക്കാരിന്റെ സമീപനം എന്താണ്? കഴിഞ്ഞ കുറേ വർഷങ്ങളായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് കിട്ടുന്ന തുകയും നാമമാത്രമായതാണ്. സാധാരണഗതിയിൽ അതിർത്തി

LIBRARY ARCHIVES Kerala Legislative Assembly